നം.സി1/10561/റ്റി.സി/2011

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം,
ട്രാൻസ് ടവേഴ്സ് , തിരുവനന്തപുരം,
തീയതി : 08/06/2011.

## സർക്കുലർ 11 /2011

വിഷയം :- മോട്ടോർ വാഹന വകുപ്പ്- വാഹന ഡീലർമാർ ബിസിനസ് പ്രൊമോഷന്റെ ഭാഗമായി ഔട്ട് ലൈറ്റുകൾ വഴി നടത്തുന്ന വാഹനപ്രദർശനം സംബന്ധിച്ച്

സൂചന :- ട്രാൻസ്പോർട്ട് കമ്മീഷണറുടെ സർക്കുലർ നമ്പർ 03/2009

മേൽ വിഷയത്തിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. വാഹന ഡീലർമാർ ബിസിനസ് പ്രൊമോഷന്റെ ഭാഗമായി മുഖ്യ ഓഫീസ് കൂടാതെ മറ്റ് സ്ഥലങ്ങളിൽ ഷോറൂം സ്ഥാപിച്ച് പ്രദർശത്തിന് വെച്ചിട്ടുള്ള വാഹനങ്ങൾ മോട്ടോർ വാഹന വകുപ്പിലെ ഉദ്യോഗസ്ഥർ പിടിച്ചെടുക്കുകയും, പിഴ ഈടാക്കുകയും ചെയ്യുന്നതായി പരാതി ഉയർന്നിട്ടുണ്ട്. ഇക്കാര്യം വിശദമായി പരിശോധിച്ച് സംശയ ദൂരീകരണത്തിനായി താഴെ പറയുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നു.

കേന്ദ്ര മോട്ടോർ വാഹനചട്ടം 35 അനുസരിച്ച് വാഹന നിർമ്മാതാക്കൾ അംഗീകരിച്ച യഥാർത്ഥ ഡീലർക്ക് ട്രേഡ് സർട്ടിഫിക്കറ്റ് നൽകാവുന്നതാണ്. ചട്ടം 39,40 എന്നിവ അനുസരിച്ച് ട്രേഡ് രജിസ്ട്രേഷൻ നമ്പർ ഒരേ സമയത്ത് ഒരു വാഹനത്തിൽ മാത്രമേ പ്രദർശിപ്പിക്കുവാൻ പാടൊള്ളുവെന്നും യഥാർത്ഥമായി ഡീലറുടെ കൈവശത്തിൽ ഇരിക്കുന്ന വാഹനങ്ങളിൽ മാത്രമെ പ്രദർശിപ്പിക്കാവൂവെന്നും പറയുന്നു. കൂടാതെ 40-)0 ചട്ടം അനുസരിച്ച് ഡീലറുടെ യഥാർത്ഥ ജോലിക്കാരനു മാത്രമെ ട്രേഡ് സർട്ടിഫിക്കറ്റ് ഉപയോഗിച്ച് വാഹനം ഓടിക്കുവാൻ അനുവാദമുള്ളു. മേൽ പറഞ്ഞ നിബന്ധനകൾക്ക് വിധേയമായി 41-)0 ചട്ടം ഖണ്ഡം (ജി) അനുസരിച്ച് ഒരു മോട്ടോർ വാഹന പ്രദർശനത്തിൽ പങ്കെടുക്കുന്നതിനോ, വിൽക്കുന്നതിനോ ഏതെങ്കിലും സ്ഥലത്ത് കൊണ്ട് പോകുന്നതിനും കൊണ്ടുവരുന്നതിനും ട്രേഡ് സർട്ടിഫിക്കറ്റ് ഉപയോഗിക്കാമെന്ന് പറയുന്നു. ആയതിനാൽ

വാഹന നിർമ്മാതാക്കളോ ഡീലർമാരോ തിരഞ്ഞെടുക്കുന്ന സ്ഥലത്ത് ഷോറൂം സ്ഥാപിക്കുന്നതിനും ട്രെയ്ഡ് സർട്ടിഫിക്കറ്റിന്റെ നിബന്ധനകൾക്ക് വിധേയമായി വാഹനങ്ങൾ സൂക്ഷിക്കുന്നതിനും നിയമ തടസ്സങ്ങൾ ഇല്ല. എന്നാൽ ഇത്തരം പ്രദർശനസ്ഥലങ്ങളുടെ വിവരങ്ങൾ ബന്ധപ്പെട്ട രജിസ്റ്ററിംഗ് അതോറിറ്റിയെ അറിയിച്ചിരിക്കേണ്ടതാണ്.

മേൽ സാഹചര്യത്തിൽ വകുപ്പിലെ ഉദ്യോഗസ്ഥന്മാർ കമ്പനികളുടെ ഷോറൂമുകളും പ്രദർശന സ്ഥലങ്ങളും പരിശോധിക്കുമ്പോൾ മേൽ നിർദ്ദേശങ്ങളും കൂടി പരിഗണിക്കേണ്ടതാണ്. എന്നാൽ നിയമവിധേയമല്ലാത്ത കാര്യങ്ങൾ ശ്രദ്ധയിൽ പ്പെട്ടാൽ കർശന നടപടി എടുക്കേണ്ടതുമാണെന്നും അറിയിച്ചുകൊള്ളുന്നു.

ഒപ്പ്
ട്രാൻസ്പോർട്ട് കമ്മീഷണർ

സ്വീകർത്താവ്

എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർക്കും
എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും
എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും

അംഗീകാരത്തോടെ

18/06/11

സീനിയർ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ
(ട്രാക്ഷേഷൻ)

10/6/11